പോസ്റ്റൽ വകുപ്പിലെ ഇ.ഡി. ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം

243 (935) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും നാമനിർദ്ദേശം ചെയ്ത ഉദ്യോഗാർത്ഥികളിൽനിന്നും ആരെയെങ്കിലും പോസ്റ്റൽ വകുപ്പിലെ ഇ.ഡി. ഒഴിവുകളിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇപ്രകാരമുള്ള നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നാമനിർദ്ദേശം ചെയ്ത ഉദ്യോഗാർത്ഥികൾക്ക് നിയമനം കിട്ടാത്തത് എന്ന് പരിശോധിച്ചിട്ടുണ്ടോ ; ഈ തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

അന്യസംസ്ഥാന തൊഴിലാളികളെ തിരിച്ചറിയാൻ സംവിധാനം

244 (936) ശ്രീ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ സാന്നിദ്ധ്യം കേരളത്തിലെ തൊഴിൽ, സാംസ്കാരിക ക്രമസമാധാന രംഗങ്ങളിൽ ഉണ്ടാകുന്ന സ്വാധീനത്തെക്കുറിച്ച് തൊഴിൽ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഇവരിൽ ചിലരെങ്കിലും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നുവെന്ന റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ ഇവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതോ താമസസ്ഥലങ്ങളിൽ രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നകാര്യമോ ആലോചിക്കുമോ ?

ഉത്തരം

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ സാന്നിദ്ധ്യം കേരളത്തിലെ തൊഴിൽ, സാംസ്കാരിക, ക്രമസമാധാന രംഗങ്ങളിൽ ഉണ്ടാക്കുന്ന സ്വാധീനത്തെക്കുറിച്ച് തൊഴിൽ വകുപ്പ് പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) അന്യസംസ്ഥാന തൊഴിലാളികൾക്ക് നിർബന്ധിത രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിനുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly